നം: എ2/1633/15/റ്റിബിഒ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
പാഠപുസ്തക വിഭാഗം, പത്മവിലാസം, ഫോർട്ട്,
തിരുവനന്തപുരം-695023 ,
തീയതി: 6 /7/2015.

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം-2015-16 ലെ പാഠപുസ്തക വിതരണം- സ്കൂളുകളിൽ പാഠപുസ്തകങ്ങൾ ലഭിച്ചതിന്റെ വിശദാംശങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:- 30.4.2015 ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ എ2/1633/2014/ടിബിഒ നമ്പർ സർക്കുലർ.

.........

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഈ വർഷത്തെ പാഠപുസ്തകങ്ങൾ ലഭ്യമായത് സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിക്കുന്നതിന് സംവിധാനം ഒരുക്കിയിട്ടുണ്ട്. ഓരോ സ്കൂളും ആവശ്യപ്പെട്ടിരുന്ന പാഠപുസ്തകങ്ങൾ സ്കൂളുകളിൽ ലഭ്യമായി എന്നും അത് വിദ്യാർത്ഥികൾക്ക് ലഭിച്ചു എന്നും ഉറപ്പു വരുത്തുന്നതിന് ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. ഇത് പ്രാവർത്തികമാക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. സ്കൂളുകൾ ഓൺലൈൻ ഇൻഡന്റ് സമർപ്പിക്കുന്നതിന് ഉപയോഗിച്ചിരുന്ന യൂസർ നെയിമും പാസ്‌വേഡും ഉപയോഗിച്ച് www.itschool.gov.in എന്ന സൈറ്റിൽ Text Book Monitoring System എന്ന ലിങ്കിൽ ഓരോ സ്കൂളിലും ഇതുവരെ ലഭിച്ച പുസ്തകങ്ങളുടെ വിശദാംശങ്ങൾ 8.7.2015 ന് വൈകിട്ട് 4.00 മണിക്ക് മുമ്പ് ഉൾപ്പെടുത്തേണ്ടതാണ്.
2. സ്കൂളിലെ എല്ലാ വിദ്യാർത്ഥികൾക്കും പാഠപുസ്തകം ലഭ്യമാക്കേണ്ടതിന്റെ ഉത്തരവാദിത്വം അതാത് സ്കൂൾ ഹെഡ്മാസ്റ്റർക്കായിരിക്കുമെന്ന് സൂചനയിലെ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ സ്കൂൾ സൊസൈറ്റികളിൽ എത്തുന്ന പാഠപുസ്തകങ്ങൾ കുട്ടികൾക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.
3. സ്കൂളിലെത്തുന്ന പുസ്തകങ്ങൾ എത്രയും പെട്ടെന്ന് വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നതിനും ഓരോ ടൈറ്റിലും ലഭിച്ചതു സംബന്ധിച്ച വിശദാംശങ്ങൾ അതാതു ദിവസം തന്നെ ഓൺലൈനിൽ ഉൾപ്പെടുത്തുന്നതിനും സ്കൂൾ ഹെഡ്മാസ്റ്റർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
4. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ, വിദ്യാഭ്യാസ ഉപഡയറക്ടർ എന്നിവർ അവരവരുടെ അധികാര പരിധിയിൽ വരുന്ന സ്കൂളുകളിൽ പാഠപുസ്തകം ലഭ്യമാക്കുന്നതിനും ലഭ്യമായ പുസ്തകങ്ങൾ എത്രയും പെട്ടെന്ന് വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നതിനും അടിയന്തിര ക്രമീകരണങ്ങൾ ഒരുക്കേണ്ടതാണ്.

5. സംസ്ഥാനത്തെ എല്ലാ ടെക്സ്റ്റുബുക്ക് ഡിപ്പോ സൂപ്രണ്ടുമാരും അവരവരുടെ ഡിപ്പോയ്ക്ക് കീഴിൽ വരുന്ന സ്കൂളുകളിലേക്ക് പാഠപുസ്തകങ്ങൾ ലഭ്യമാക്കുന്നതിന് ക്രമീകരണങ്ങൾ ഒരുക്കേണ്ടതാണ്.

6. സ്കൂൾ സൊസൈറ്റികളിൽ എത്തിച്ചേരുന്ന പാഠപുസ്തകങ്ങളെ സംബന്ധിച്ച വിവരം ബന്ധപ്പെട്ട സ്കൂളുകളെ അറിയിക്കുന്നതിനും അവ സ്കൂളുകൾക്ക് വിതരണം ചെയ്യുന്നതിനും സൊസൈറ്റിയുടെ ചുമതല വഹിക്കുന്നവർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. സ്കൂൾ സൊസൈറ്റികൾ സ്ഥിതി ചെയ്യുന്ന സ്കൂളുകളിലെ ഹെഡ്മാസ്ടർമാർ ഇത് പ്രത്യേകം പരിശോധിക്കേണ്ടതാണ്.

7. ഇന്റർനെറ്റ് സൗകര്യം ലഭ്യമല്ലാത്ത പ്രൈമറി വിദ്യാലയങ്ങൾ അടുത്തുള്ള ഹൈസ്കൂളുകൾ, ഐടി@സ്കൂൾ ജില്ലാ ഓഫീസ്, ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ തുടങ്ങിയവയുടെ സേവനം പ്രയോജനപ്പെടുത്തേണ്ടതാണ്. ടി സ്ഥാപനങ്ങൾ പ്രൈമറി വിദ്യാലയങ്ങൾക്ക് പാഠപുസ്തകങ്ങളുടെ വിശദാംശങ്ങൾ ഓൺലൈനിൽ ഉൾപ്പെടുത്തുന്നതിനുള്ള സൗകര്യം ഒരുക്കേണ്ടതാണ്.

8. വിശദാംശങ്ങൾ ഓൺലൈനിൽ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച സംശയ നിവാരണത്തിന് ഐടി@സ്കൂൾ പ്രോജക്ടിന്റെ ജില്ലാ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

9. ഓരോ സ്കൂളിലും പാഠപുസ്തകം ലഭ്യമായത് സംബന്ധിച്ച വിശദാംശങ്ങൾ ഓൺലൈനിൽ ഉൾപ്പെടുത്തുന്നതിന് ആവശ്യമായ സഹായം ഐടി@സ്കൂളിന്റെ അതത് ജില്ലാ കോ-ഓർഡിനേറ്റർ നൽകേണ്ടതാണ്.

10. ജില്ലയിലെ എല്ലാ സ്കൂളുകളും ഈ പ്രവർത്തനം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള എല്ലാ ക്രമീകരണങ്ങളും ഐടി@സ്കൂൾ ജില്ലാ കോ-ഓർഡിനേറ്റർ ജില്ലയിലെ വിദ്യാഭ്യാസ ഓഫീസറുമായി ആലോചിച്ച് നടപ്പിലാക്കേണ്ടതാണ്.

6/7/15

പൊതുവിദ്യാഭ്യാസ ഡയറക്ടർ i/c

എല്ലാ സ്കൂൾ ഹെഡ്മാസ്റ്റർമാർക്കും
(എ.ഇ.ഒ., ഡി.ഇ.ഒ., ജില്ലാ കോ-ഓർഡിനേറ്റർ മുഖേന)
എല്ലാ പാഠപുസ്തക ഡിപ്പോ സ്റ്റോർകീപ്പർമാർക്കും

പകർപ്പ് :

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐടി@സ്കൂൾ പ്രോജക്ട്
പാഠപുസ്തക ആഫീസർ, തിരുവനന്തപുരം.
എല്ലാ എ.ഇ.ഒ., ഡി.ഇ.ഒ., ഡി.ഡി.ഇ. മാർക്കും
സ്റ്റോക്ക് ഫയൽ